## സി. എം. എസ്. ഹൈസ്കൂൾ, കറ്റാനം

## ഡിജിറ്റൽ മാഗസിൻ 2024



# എഴുത്ത്

# C M S HIGH SCHOOL, KATTANAM

PALLICKAL PO, KAYAMKULAM, 690503

Date 17.02.2024

**സന്ദേശം**

**നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2023 -24 അദ്ധ്യായന വർഷം പുറത്തിറങ്ങുന്ന "എഴുത്ത്" എന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. വിവര വിനിമയ സാങ്കേതികവിദ്യയിൽ വിദ്യാർത്ഥികൾ ആർജ്ജിച്ച ശേഷികൾ പ്രകടിപ്പിക്കുവാൻ "എഴുത്ത്" അവസരമൊരുക്കട്ടെയെന്ന് ആശംസിക്കുന്നു.**

**റ്റി എം ജോസഫ്**
**(ഹെഡ്മാസ്റ്റർ)**

# ഉള്ളടക്കം

എഡിറ്റോറിയൽ . . . . . . . . . . . . . . . . . . . . . . . . . . . 4
പത്രാധിപസമിതി . . . . . . . . . . . . . . . . . . . . . . . . . . .5
വിദ്യാലയചരിത്രം .. . . . . . . . . . . . . . . . . . . . . . . . . . 6
കാറ്റിൽ അടർന്ന ഇല .. . . . . . . . . . . . . . . . . . . . . . . 8
സ്വപ്നത്തിന്റെ പടിവാതിൽ . . . . . . . . . . . . . . . . . . . . . 9
അപ്പുവിന്റെ ആന . . . . . . . . . . . . . . . . . . . . . . . . . .10
മൂന്നാർ ദിവസങ്ങൾ . . . . . . . . . . . . . . . . . . . . . . . . .11
ഈച്ചേം പൂച്ചേം.. . . . . . . . . . . . . . . . . . . . . . . . . . .12
പ്രകൃതിഭംഗി. . . . . . . . . . . . . . . . . . . . . . . . . . . . . 13
ഉപദേശമോ ഭക്ഷണമോ?. . . . . . . . . . . . . . . . . . . . . . . 14
പാത്തുമ്മയുടെ ആട് ആസ്വാദനം . . . . . . . . . . . . . . . . 15
സമകാലികലോകത്തെ സർഗ്ഗാത്മക അധ്യാപനം . . . . . 16
മഴചിന്തകൾ . . . . . . . . . . . . . . . . . . . . . . . . . . . . . 17
ചിത്രങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . . . . .18
നന്ദി. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 19

## എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി
നിർമ്മിക്കുന്ന ഡിജിറ്റൽ മാസികയാണ് "എഴുത്ത്".
ഞങ്ങളുടെ സാങ്കേതിക വിജ്ഞാനം
വർദ്ധിപ്പിക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി
ക്ലബ്ബിന് നിർണായക സ്ഥാനമുണ്ട്. ഇത്തരം
കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് "എഴുത്ത്"
സഹായകരമാണ്. മനുഷ്യരെ തമ്മിൽ
അടുപ്പിക്കുവാൻ ആധുനിക സാങ്കേതിക വിദ്യയ്ക്ക്
കഴിയണം. സഹകരണ മനോഭാവത്തോടെ
പ്രവർത്തിച്ചാൽ നമുക്ക് എത്തിപ്പിടിക്കാൻ
കഴിയാത്തതായി ഒന്നുമില്ല ഈ സംരംഭത്തിൽ
സഹകരിച്ച എല്ലാ അംഗങ്ങൾക്കും
സഹപാഠികൾക്കും നന്ദി രേഖപ്പെടുത്തുന്നു.
നിർദ്ദേശം നൽകി സഹായിച്ച ലിറ്റിൽ കൈറ്റ്സ്
മിസ്ട്രസ്സസ്സ് ആയ പ്രിയാ ലൗലി ടീച്ചറിനും ആൻ
ജേക്കബ് ടീച്ചറിനും നന്ദി രേഖപ്പെടുത്തുന്നു.

"എഴുത്ത്" സമർപ്പിക്കുന്നു.

അമൃത ബി ബിജു
(എഡിറ്റർ)

# പത്രാധിപസമിതി

| | | |
|---|---|---|
| മുഖ്യരക്ഷാധികാരി | : | ശ്രീ റ്റി എം ജോസഫ് |
| ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് | : | ശ്രീമതി പ്രിയാ ലൗലി |
| | | ശ്രീമതി ആൻ ജേക്കബ് |
| എഡിറ്റർ | : | അമൃത ബി ബിജു 8A |
| അംഗങ്ങൾ | : | ബ്ലസൺ മോൻസി 8A |
| | | അഭിരാമി രവി 8A |
| | | അഭിനവ് സന്തോഷ് 8A |
| | | നോയൽ ജിഗി വർഗീസ് 8A |
| | | ഇവ സൂസൻ നൈനാൻ 8A |


# വിദ്യാലയ ചരിത്രം



മലയാള ഭാഷയ്ക്കും സാഹിത്യത്തിനും സ്ഥിരമായ അടിത്തറയിട്ടവരാണ് സി എം എസ് മിഷനറിമാർ. കൂടാതെ വിദ്യാഭ്യാസ രംഗത്തും അവർ ശ്രദ്ധാലുക്കളായിരുന്നു. അതുകൊണ്ട് കേരളത്തിൽ പ്രത്യേകിച്ചും ഭൂരിപക്ഷം വരുന്ന പിന്നോക്ക സമുദായ അംഗങ്ങൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭിച്ചു. 1845 – ൽ മാവേലിക്കര കേന്ദ്രമാക്കി സുവിശേഷ പ്രവർത്തനം നടത്തിവന്ന സി എം എസ് മിഷനറിമാർ പ്രൊഫസർ ജോസഫ് പീറ്റിന്റെ ശ്രമഫലമായി മാവേലിക്കരയിലും പ്രദേശങ്ങളിലും സ്കൂളുകൾ സ്ഥാപിച്ചു. അക്കൂട്ടത്തിൽ 1880 - ൽ ജൂണിൽ ഇപ്പോൾ കറ്റാനം സി എം എസ് ഹൈസ്കൂൾ സ്ഥിതിചെയ്യുന്ന മന്നത്ത് പുരയിടത്തിൽ ഒരു ഓല കെട്ടിടത്തിൽ 15 കുട്ടികളുമായി ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചു. പ്രവർത്തി കച്ചേരിക്കും അഞ്ചൽ ഓഫീസിനും അടുത്തായി നടപ്പാതയ്ക്ക വടക്കുവശത്തായിരുന്നു സ്കൂൾ സ്ഥാപിച്ചത്. സ്കൂൾ സ്ഥാപിക്കാൻ വരിക്കോലിത്തറയിൽ ഗീവർഗീസ് മുൻകൈ എടുത്തിരുന്നു. 1895 നോടടുത്ത് മാങ്കാവിൽ ശ്രീ എം ജി മാത്യു പ്രൈമറി സ്കൂളിന്റെ ഹെഡ്മാസ്റ്ററായും അതേസമയത്തു തന്നെ അഞ്ചൽ മാസ്റ്ററായും സേവനമനുഷ്ഠിച്ചിരുന്നു. അഞ്ചൽ ഓഫീസും അന്ന് സ്കൂളിൽ തന്നെയാണ് പ്രവർത്തിച്ചിരുന്നത്. അന്നത്തെ പ്രൈമറി സ്കൂളിൽ പഠിപ്പിച്ചിരുന്നവരിൽ സ്വാതന്ത്ര്യസമരത്തിലെ ധീരനായകന്മാരിൽ ഒരാളും തിരുവിതാംകൂറിലെ ആദ്യത്തെ മൂന്നംഗ മന്ത്രിസഭയിലെ ആഭ്യന്തരമന്ത്രിയായിരുന്ന തണ്ടാനേത്ത് ശ്രീ റ്റി എം വർഗീസ്, 1901 - ൽ ഇംഗ്ലണ്ടിൽ പോയി മെഡിക്കൽ ബിരുദം എടുത്ത ചാങ്ങേത്തറയിൽ ഡോക്ടർ സി. ജി കുര്യൻ എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്. 1881 - ൽ തയ്യിൽ ജോർജ് സാർ പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ ആയിരിക്കുമ്പോൾ അന്നത്തെ കറ്റാനം ഇടവക പട്ടക്കാരൻ ആയിരുന്ന പി ഇ ചാക്കോയുടെയും മറ്റും ശ്രമഫലമായി സ്കൂളിൽ നോവൽ ഗ്രേഡ് ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. സ്കൂൾ കായംകുളത്തും അടൂർ ഇടയ്ക്കുള്ള ഏക ഇംഗ്ലീഷ് സ്കൂൾ ആയിരുന്നു. 1921 - ൽ തേർഡ് ഫോറം ആരംഭിക്കാൻ അനുമതി ലഭിച്ചു. 1949 - ൽ ഇത് ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. 1951 - ൽ ഇത് പൂർണ്ണ ഹൈസ്കൂൾ ആയപ്പോൾ

ഇടയാറന്മുള ശ്രീ കെ സി ജോർജ് പ്രഥമ ഹെഡ്മാസ്റ്ററായി നിയമിതനായി. അതതുകാലത്തെ ഹെഡ്മാസ്റ്റർമാരുടെ ശ്രമഫലമായി സ്കൂളിൽ പുതിയ കെട്ടിടങ്ങൾ പണിയുവാനും കുറേശ്ശെ സ്ഥലം വാങ്ങിക്കുവാനും സാധിച്ചിട്ടുണ്ട്. സി എസ് ഐ മധ്യകേരള മഹാ ഇടവകയുടെ മാനേജ്മെന്റിൽ പ്രവർത്തിക്കുന്ന കറ്റാനം സി എം എസ് ഹൈസ്കൂൾ റൈറ്റ് റെവറെന്റ് സാബു കെ ചെറിയാൻ തിരുമേനിയുടെ അനുഗ്രഹത്താൽ പുരോഗതിയിലേക്ക് നയിക്കപ്പെടുന്നു. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ക്ലാസ്സുകൾ ഊർജ്ജസ്വലമാകുന്നു. 2023-24 കാലഘട്ടത്തിൽ ഹെഡ്മാസ്റ്റർ ശ്രീ റ്റി എം ജോസഫിന്റെ നേതൃത്വത്തിൽ സ്കൂൾ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു. റവ ലെവിൻ കോശി അച്ചൻ ആത്മീയ കൈത്താങ്ങലുകൾ നൽകുന്നു. ഞങ്ങളുടെ സ്കൂളിൻറെ ഉയർച്ചയ്ക്ക് വേണ്ടി കൈത്താങ്ങ് നൽകുന്ന എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ ചരിത്രം ഇവിടെ തൽക്കാലം പൂർത്തിയാകുന്നു.

**അഭിരാമി രവി**




**തീർഥ എസ്**

# കാറ്റിൽ അടർന്ന ഇല

മെല്ലെ വന്ന മാരുതൻ
കാതിൽ മന്ത്രിച്ചു
മുൻപേ നിന്നെ കണ്ടുഞാൻ
പോയ ഈ വഴി
തളിരിലകൾക്കിടയിലൂടെ
താഴേക്കു വന്ന ഞാൻ
തിരയടിച്ച പോലെയായ്
എവിടേക്കോ പോയിഞാൻ
അപരിചിതരാം മരുഭൂമി
തന്നിൽ വീണു ഞാൻ
എന്നിലേ മൂകമാം സ്വപ്നങ്ങളെ
ഞാനൊന്നു ചേർത്തുവച്ചു
ആശിഖരണത്തിലായ്
ജന്മാന്തരങ്ങളായി ജീവിച്ചപോലൊരു
ജനനപാസനയെന്നിലാഞ്ഞടിച്ചു
മണലാരണ്യത്തിൽ
മണൽമാരി പെയ്തപോൽ
മിഴികളെ മൂടിയാകാറ്റുവന്നു
എന്നിലെ എന്നേയും
എന്നെക്കുമായി
മൺമറച്ചന്നൊരാ
തീ വെയിൽ

~ ജയലക്ഷ്മി എസ്



# സ്വപ്നത്തിന്റെ പടിവാതിൽ

ഒരിടത്ത് ഒരിടത്ത് ഭാഗ്യ എന്നു പേരുള്ള 14 വയസ്സുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവൾ താമസിച്ചിരുന്നത് ഒരു കുഞ്ഞി ഗ്രാമത്തിലെ ഏറ്റവും ചെറിയ വീട്ടിലായിരുന്നു. ആ വീട്ടിൽ ഭാഗ്യയോടൊപ്പം താമസിച്ചിരുന്നത് അവളുടെ അച്ഛൻ ,അമ്മ ,അനിയൻ, അമ്മൂമ്മ എന്നിവരാവയിരുന്നു ഭാഗ്യയുടെ വീട് അടച്ചുറപ്പില്ലാത്തതും മഴ വന്നാൽ ചോരുന്നതും ആയിരുന്നു. ജനിച്ച അന്നുമുതൽ കഷ്ടപ്പാടുകളും ദുരിതങ്ങളും ഏറെ അനുഭവിച്ചാണ് അവൾ വളർന്നത്. അതുപോലെ തന്നെ പട്ടിണിയുടെ വില എന്തെന്നറിഞ്ഞ് അവൾ ഒരു തീരുമാനം എടുത്തിരുന്നു. അവൾ വളർന്ന് തന്റെ സ്വപ്നമായ ഐ എ എസ് എടുത്ത് വലിയ കളക്ടറായി, കിട്ടുന്ന ശമ്പളം കൊണ്ട് പാവപ്പെട്ടവരെ സഹായിക്കും എന്നും അവരുടെ പട്ടിണി മാറ്റി കൊടുക്കുമെന്നും അവൾ തീരുമാനിച്ചു .ഭാഗ്യ തന്റെ 10 വയസ്സ് മുതൽ തന്നെ നാട്ടുകാരുടെയും സ്വന്തം അമ്മൂമ്മയുടെയും കുറ്റപ്പെടുത്തലും കേട്ട് വളർന്ന കുട്ടിയാണ്. പഠിക്കാൻ ഒരു നല്ല സാഹചര്യം പോലുമില്ലായിരുന്നു. സ്കൂൾ തുറക്കൽ കാലമൊക്കെ നല്ല മഴ ആയിരിക്കും എന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ. ആ സമയങ്ങളിൽ അവളുടെ വീടിന്റെ അകം മുഴുവൻ വെള്ളം ആയിരിക്കും. അത് കാരണം പഠിക്കാൻ പോലും ആകില്ലായിരുന്നു. എന്നിട്ടും പറ്റുന്നതുപോലെ പഠിക്കാൻ ഭാഗ്യ ശ്രമിച്ചു. താൻ എന്നും സ്കൂളിൽ നടന്നു പോകുന്നത് കണ്ട് ടീച്ചർമാർ അവൾക്ക് ഒരു സൈക്കിൾ വാങ്ങിക്കൊടുക്കുകയും അതിൽ അവൾ ആഹ്ളാദം കണ്ടെത്തുകയും ചെയ്തു. പല ദിവസങ്ങളിലും ആഹാരം പോലും ഇല്ലാതെ വെള്ളം മാത്രം കുടിച്ചു വിശന്നു കിടക്കേണ്ട അവസ്ഥ വരെയുണ്ടായിരുന്നു. എന്നിട്ടും അതിലൊന്നും തളരാതെ എല്ലാം കണ്ടും കേട്ടും അറിഞ്ഞു പ്രതികരിച്ചും ഭാഗ്യ വളർന്നു. അന്ന് അവളുടെ മനസ്സിന്റെ ഭിത്തിയിൽ എഴുതിയിട്ട വാക്കുകളായിരുന്നു ഇത്. "ഇന്നല്ലെങ്കിൽ നാളെ എന്റെ ദുരിതങ്ങളും കഷ്ടപ്പാടും മാറി സന്തോഷമായി ജീവിക്കും" എന്നത്. അത് അവൾ നിറവേറ്റി. അതായത് സ്വപ്നമായ ഐ എ എസ് എടുക്കുകയും കിട്ടിയ പൈസ കൊണ്ട് പാവപ്പെട്ടവർക്ക് വീട് വെച്ചു കൊടുക്കുകയും പട്ടിണി പാവങ്ങൾക്ക് ആഹാരം വാങ്ങിക്കൊടുക്കുകയും ആരുമില്ലാത്തവർക്ക് തുണയാകുകയും ചെയ്തു. ഈ ഭാഗ്യയുടെ ജീവിത കഥയിൽ നിന്ന് നമുക്ക് മനസ്സിലാക്കാം എത്ര വലിയ ലക്ഷ്യമാണെങ്കിലും നമ്മൾ അതിനുവേണ്ടി കഷ്ടപ്പെട്ടാൽ അതിനു ഫലം തീർച്ചയായും ഉണ്ടാകും. ചിലപ്പോൾ തോറ്റെന്നു വരും എന്നാലും വീണ്ടും വീണ്ടും അതിനുവേണ്ടി ശ്രമിക്കുക. പരാജയത്തിന്റെ മുന്നോടിയാണ് വിജയം. എത്ര തോറ്റവർക്കും വിജയിക്കാൻ ഒരു അവസരം ദൈവം തീർച്ചയായും കൊടുക്കും അതുകൊണ്ട് തോറ്റുപോയി എന്ന് കരുതി മാറി നിൽക്കാതെ ജയം വരുന്നത് വരെ പരിശ്രമിച്ചു കൊണ്ടിരിക്കുക വിജയം ഉറപ്പാണ്.

~ ദേവനന്ദ ജി

# അപ്പുവിന്റെ ആന

തൂണുകൾ പോലെ കാലു വരച്ചു
ചൂലതു പോലെ വാലു വരച്ചു
ഒത്തിരി നീണ്ടൊരു മൂക്കു വരച്ചു
വെള്ള കൊമ്പുകൾ രണ്ടു വരച്ചു
ഇത്തിരിയുള്ളൊരു കണ്ണു വരച്ചു
പാളച്ചെവികൾ രണ്ടു വരച്ചു
ഉടലും തലയും ചേർത്തുവച്ചു
ഉടലിൽ കരിനിറമാകെപ്പൂശി
ആഹാ കേമം ആനച്ചിത്രം
ആനക്കുട്ടനെ അപ്പു വരച്ചു !

ഗ്രീഷ്മ പി



# മൂന്നാർദിവസങ്ങൾ

ഒരു മൂന്നംഗ കുടുംബം അവർക്ക് മൂന്നാറിൽ ഒരു എസ്റ്റേറ്റ് ഉണ്ടായിരുന്നു. വാങ്ങിയിട്ട് ഒരു വർഷം കഴിഞ്ഞാണ് അവർ അവിടെ ചെല്ലുന്നത്. ആ കുടുംബത്തിലെ ഭാര്യ ഈ എസ്റ്റേറ്റിലേക്ക് ചെന്നപ്പോൾ അവർക്ക് വല്ലാത്ത ഭയം തോന്നി. അവർ എസ്റ്റേറ്റിലെ വീട് തുറന്നപ്പോൾ അതിൽ നിന്നൊരു മനുഷ്യൻ അവർക്ക് നേരെ ചാടി വീണു. നോക്കിയപ്പോൾ അത് ആ വീട് നോക്കുന്ന ഒരു സ്ത്രീ ആയിരുന്നു. അടുത്ത ദിവസവും ആ സ്ത്രീ വന്നു. എന്നിട്ട് അവിടത്തെ ചരിത്രം മുഴുവനും പറഞ്ഞു. അപ്പോൾ ആ സ്ത്രീ അവിടുത്തെ ഒരു കോവിലിനെ കുറിച്ച് പറഞ്ഞു. ആ കോവിലിൽ ചെന്ന് എന്ത് പ്രാർത്ഥിച്ചാലും അത് സാധിക്കും. ഭാര്യക്ക് അവിടെ പോകണമെന്ന് ആഗ്രഹമായി. അവിടെ എത്തിയപ്പോൾ അവൾ വിറക്കുന്നുണ്ടായിരുന്നു. അവൾക്ക് പഴയ ഓർമ്മ തിരിച്ചുകിട്ടി. ആറുവർഷം മുമ്പ് ഇതേ കോവിലിനെ കുറിച്ച് അന്വേഷിക്കാൻ സുഹൃത്തിനൊപ്പം ഇവിടെ എത്തിയെങ്കിലും ഭാര്യയെയും സുഹൃത്തിനെയും അവയവ മാഫിയ തട്ടിക്കൊണ്ടുപോയി. അവളുടെ സുഹൃത്ത് അവയവമാഫിയയാൽ മരിച്ചു. പക്ഷേ അവൾ രക്ഷപ്പെട്ടു. അവളുടെ ഓർമ്മ നഷ്ടപ്പെട്ടു.

~ അദിതി എം പ്രസാദ്



# ഈച്ചേം പൂച്ചേം

ഈച്ച വന്നു
വിളിച്ചപ്പോൾ
പൂച്ചയോടിയെത്തി
കണ്മണി, നാം
കളിച്ചില്ലേ,
കഞ്ഞിവെച്ച് പണ്ട്
ചന്തയിൽ നീ
പോയനേരം
ചത്തുപോയ് ഞാനന്ന്
ഒത്തൊരുമിച്ചൊന്നു കൂടി
ഓർമ്മ പുതുക്കാനോ?
കഥ മാറി അറിഞ്ഞില്ലേ
കഞ്ഞി തണുത്താറി
ആറിപ്പോയ
കഥ കേൾക്കാനാരുമില്ലെന്നോർത്തോ
ഈച്ച പിന്നെ
പറന്നേപോയ്
പൂച്ചയില്ലം കടന്നും പോയി.

~കിരൺ





# പ്രകൃതി ഭംഗി

പച്ച പുതപ്പും പുതച്ചു പ്രകൃതി
എന്തു ഭംഗിയാണ് നിന്നെ കാണാൻ
അനേകായിരം പക്ഷിമൃഗാദികൾക്ക്
വാസസ്ഥലം ഏകുന്ന നീ പ്രകൃതി
ദൈവം കനിഞ്ഞ് നൽകിയ
വരദാനമാണ് നിന്റെ ഭംഗി
വെയിലും മഴയും മഞ്ഞും കൊണ്ട്
നിന്റെ ഭംഗി നീ ഇരട്ടിയാക്കുന്നു
പച്ചപ്പുതപ്പ് പുതച്ച് എന്തു ഭംഗിയാണ്
നിന്നെ കാണാൻ എന്തു ഭംഗിയാണ്

~എയ്ഞ്ചൽ മറിയം ജേക്കബ്



# ഉപദേശമോ ഭക്ഷണമോ?

ഒരിക്കൽ ബുദ്ധൻ തന്റെ ഒരു ശിഷ്യനോട് ഒരു യാചകനെ ഉപദേശിക്കാൻ പറഞ്ഞു വിട്ടു അയാൾ ആത്മാർത്ഥമായി ഉപദേശിച്ചു എങ്കിലും യാചകൻ അതൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. അയാളുടെ മനസ്സ് മറ്റെന്തിനോ വേണ്ടി ഉഴലുകയായിരുന്നു. ശിഷ്യൻ ഗുരുവിനോട് പറഞ്ഞു : ഗുരോ അയാൾ എന്റെ ഉപദേശം കേൾക്കുന്നു പോലുമില്ല. ഞാൻ എന്താണ് ചെയ്യേണ്ടത്. ബുദ്ധൻ മറ്റൊരു ശിഷ്യനെ വിളിച്ചു. അടുക്കളയിൽ കൊണ്ടുപോയി യാചകന് ഭക്ഷണം വാങ്ങിക്കൊടുക്കുവാൻ പറഞ്ഞു. ആദ്യത്തെ ശിഷ്യൻ പറഞ്ഞു : ഗുരു താങ്കൾ എന്താണ് ചെയ്യുന്നത് ? അയാളെ ഉപദേശിച്ചില്ലല്ലോ. അപ്പോൾ ബുദ്ധൻ പറഞ്ഞു : അയാൾക്ക് ഇപ്പോൾ വേണ്ടത് ഭക്ഷണമാണ്. ഉപദേശം അല്ല. ഞാൻ നാളെ അയാളെ ഉപദേശിച്ചു കൊള്ളാം.

~ ക്രിഷ്ണവേണി . പി



**ആദർശ് ബി**

# പാത്തുമ്മായുടെ ആട് ആസ്വാദനം

സാഹിത്യലോകത്ത് ബേപ്പൂർ സുൽത്താൻ എന്ന് അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്ത നോവലാണ് പാത്തുമ്മായുടെ ആട്. ഈ നോവലിന് ബഷീർ തന്നെ മറ്റൊരു പേരും നിർദ്ദേശിച്ചിട്ടുണ്ട് പെണ്ണുങ്ങളുടെ ബുദ്ധി. ആട് ബഷീറിന്റെ കുടുംബത്തിൽ ചെലുത്തുന്ന സ്വാധീനവും കൂട്ടുകുടുംബ വ്യവസ്ഥിതിയും നാട്ടിൻപുറ പശ്ചാത്തലവും വളരെ മനോഹരമായി അവതരിപ്പിക്കുന്ന നോവലാണിത്.

ആട് ആ കുടുംബത്തിലേക്ക് കടന്നു ചെല്ലുമ്പോൾ ഒരു പ്രധാന കഥാപാത്രമായി മാറുന്നു. ഒട്ടേറെ രസകരമായ സംഭവങ്ങൾ കോർത്തിണക്കിയാണ് ബഷീർ ഈ നോവൽ രചിച്ചിട്ടുള്ളത്. സഹോദരങ്ങൾ അവരുടെ ഭാര്യമാർ കുട്ടികൾ തുടങ്ങിയവർ അടങ്ങുന്ന കൂട്ടുകുടുംബം ഒരു കൊച്ചുവീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന ദൈനംദിന സംഭവവികാസങ്ങൾ ബഷീർ തന്റെ സവിശേഷമായ തനതു ശൈലിയിൽ വിവരിക്കുന്ന കഥയാണിത്.

കണ്ണീരിനെ പൊട്ടിച്ചിരിയാക്കി മാറ്റുന്ന ജീവിത ഗ്രാമീണ ബിംബങ്ങളാണ് കഥയിൽ ഉടനീളം വന്നുപോകുന്നത്. മുൻകാലുകൊണ്ടു ചവിട്ടിയിട്ട് രണ്ടും മൂന്നും പേജുകളായി നക്കിനക്കി വായിലാക്കി സ്റ്റൈലായി ചവച്ചു തിന്നുകയാണ് ബാല്യകാലസഖി. നോവലിൽ ആട് ബഷീറിന്റെ പുസ്തകങ്ങൾ തിന്നുന്നത് എത്ര മനോഹരമായിട്ടാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്! എത്ര സരളമായിട്ടാണ് അദ്ദേഹം കാര്യങ്ങളെ സമീപിക്കുന്നത്.

പ്രകൃതിയെക്കുറിച്ച് ധാരാളമായി പ്രതിപാദിക്കുന്ന ഒരു നോവലും കൂടിയാണ് പാത്തുമ്മായുടെ ആട്. ചാമ്പമരങ്ങൾ വെച്ചുപിടിപ്പിക്കാനും മാങ്കോസ്റ്റീൻ മരങ്ങളെ സ്നേഹിക്കാനും പാമ്പിനും പഴുതാരക്കും തേളിനും പട്ടിക്കും പൂച്ചയ്ക്കുമെല്ലാം ഭൂമിയിൽ അവകാശമുണ്ടെന്നും ഈ കഥ എല്ലാവരോടും വിളിച്ചുപറയുന്നു.

ചാമ്പയ്ക്ക പറിച്ച് സ്കൂൾ കുട്ടികൾക്ക് വിൽക്കുന്ന ഉമ്മ, ചാമ്പയ്ക്കാ നിറച്ച കുട്ടയും മുന്നിൽവെച്ച് ചന്തയിൽ ഇരുന്ന് കണക്കുപറഞ്ഞ് കച്ചവടം ചെയ്യുന്ന കുട്ടികളെല്ലാം വായനക്കാരിൽ സ്വാധീനം ചെലുത്തുന്നു.

ഇത്തരത്തിൽ പ്രകൃതിസൗന്ദര്യവും കുടുംബബന്ധങ്ങളുടെ ഒത്തൊരുമയും തുറന്നുകാട്ടുന്നതും വായനക്കാരെ ആവോളം ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന നോവലാണ് പാത്തുമ്മായുടെ ആട്.

~ ആൻ ജേക്കബ്

# സമകാലിക ലോകത്തെ സർഗ്ഗാത്മക അധ്യാപനം

സമകാലിക സമൂഹത്തിൽ, ഒരു അധ്യാപകന്റെ പങ്ക് ഒരു സർഗ്ഗാത്മകമായ വഴികാട്ടിയും സഹായിയുമായി പരിണമിച്ചിരിക്കുകയാണ്. അറിവിന്റെ വിതരണക്കാരൻ എന്ന നിലയിൽ ഒരു അധ്യാപകന്റെ പരമ്പരാഗത ചിത്രം കൂടുതൽ ചലനാത്മകവും നൂതനവുമായ സമീപനത്തിന് വഴിയൊരുക്കി. 21-ാം നൂറ്റാണ്ടിലെ ഒരു സർഗ്ഗാത്മക അധ്യാപകൻ വിദ്യാർത്ഥികളുടെ മനസ്സ് രൂപപ്പെടുത്തുന്നതിലുംഅധ്യാപകന്റെ വിമർശനാത്മക ചിന്ത വളർത്തുന്നതിലും ആധുനിക ലോകത്തിന്റെ സങ്കീർണ്ണമായ വെല്ലുവിളികൾക്ക് അവരെ സജ്ജമാക്കുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു.

ഒരു സർഗ്ഗാത്മക അധ്യാപകന്റെ പ്രധാന ഗുണങ്ങളിലൊന്ന് പൊരുത്തപ്പെടുത്തലാണ്. സാങ്കേതികവിദ്യയിലെ ദ്രുതഗതിയിലുള്ള പുരോഗതിയും വ്യവസായങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന ലാൻഡ്സ്കേപ്പും ഉപയോഗിച്ച്, ഒരു അധ്യാപകൻ പുതിയ ഉപകരണങ്ങളും രീതിശാസ്ത്രങ്ങളും സ്വീകരിക്കാൻ തുറന്നിരിക്കണം. ഇന്ററാക്ടീവ് ആപ്പുകളും ഓൺലൈൻ റിസോഴ്സുകളും പോലെയുള്ള സാങ്കേതികവിദ്യ ക്ലാസ് റൂമിലേക്ക് സമന്വയിപ്പിക്കുന്നത്, പഠനാനുഭവം വർദ്ധിപ്പിക്കുക മാത്രമല്ല, ഭാവിയിൽ നിർണായകമായ ഡിജിറ്റൽ സാക്ഷരതാ നൈപുണ്യത്തോടെ വിദ്യാർത്ഥികളെ സജ്ജരാക്കുകയും ചെയ്യുന്നു.

കൂടാതെ, ഒരു ക്രിയേറ്റീവ് ടീച്ചർ പ്രശ്നപരിഹാരത്തിനും വിമർശനാത്മക ചിന്തയ്ക്കും ഊന്നൽ നൽകുന്നു. യഥാർത്ഥ ലോക സാഹചര്യങ്ങൾ വിശകലനം ചെയ്യാനും ചോദ്യം ചെയ്യാനും അറിവ് പ്രയോഗിക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നത് അവരുടെ ബൗദ്ധിക വളർച്ചയെ ഉത്തേജിപ്പിക്കുന്നു. ഗ്രൂപ്പ് ചർച്ചകൾ, സംവാദങ്ങൾ, പ്രോജക്ട് അധിഷ്ഠിത പഠനം എന്നിവ ആഗോളവൽക്കരിക്കപ്പെട്ട ലോകത്ത് അമൂല്യമായ സഹകരണവും ആശയവിനിമയ കഴിവുകളും വളർത്തുന്നു.

സർഗ്ഗാത്മകതയെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് 21-ാം നൂറ്റാണ്ടിലെ ഒരു ഫലപ്രദമായ അധ്യാപകന്റെ മറ്റൊരു മുഖമുദ്രയാണ്. കല, സംഗീതം, എഴുത്ത് അല്ലെങ്കിൽ മറ്റ് സർഗ്ഗാത്മക ഔട്ട്ലെറ്റുകൾ എന്നിവയിലൂടെ അവരുടെ താൽപ്പര്യങ്ങൾ പര്യവേക്ഷണം ചെയ്യാൻ വിദ്യാർത്ഥികളെ അനുവദിക്കുന്നത് അവരുടെ വ്യക്തിത്വത്തെയും സ്വയം പ്രകടനത്തെയും പരിപോഷിപ്പിക്കുന്നു. ഈ സമീപനം പഠനത്തെ ആകർഷകമാക്കുക മാത്രമല്ല, വിദ്യാർത്ഥികളെ അവരുടെ അഭിനിവേശം കണ്ടെത്താൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

വ്യക്തിപരവും അക്കാദമികവുമായ വെല്ലുവിളികളിലൂടെ വിദ്യാർത്ഥികളെ നയിക്കുന്ന ഒരു ക്രിയേറ്റീവ് അധ്യാപകൻ ഒരു ഉപദേഷ്ടാവായും പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്കിടയിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ വ്യാപകമായ ഒരു കാലഘട്ടത്തിൽ, പിന്തുണയും സഹാനുഭൂതിയും നൽകുന്ന ഒരു അധ്യാപകന് ഒരു വിദ്യാർത്ഥിയുടെ മൊത്തത്തിലുള്ള ക്ഷേമത്തിൽ ശാശ്വതമായ സ്വാധീനം ചെലുത്താൻ കഴിയും. വൈകാരിക ബുദ്ധിയും പരസ്പര വൈദഗ്ധ്യവും വളർത്തിയെടുക്കുന്നതിലൂടെ, ഒരു സർഗ്ഗാത്മക അധ്യാപകൻ വിദ്യാർത്ഥികളെ ബന്ധങ്ങൾ നാവിഗേറ്റ് ചെയ്യാനും വൈവിധ്യമാർന്ന കാഴ്ചപ്പാടുകളോട് സഹാനുഭൂതി വളർത്തിയെടുക്കാനും സഹായിക്കുന്നു.

ആഗോള അവബോധവും സാംസ്കാരിക സംവേദനക്ഷമതയും ഉൾക്കൊള്ളുന്നത് ഒരു സർഗ്ഗാത്മക അധ്യാപകന്റെ റോളിന്റെ മറ്റൊരു മുഖമാണ്. 21-ാം നൂറ്റാണ്ടിന്റെ സവിശേഷത പരസ്പരബന്ധിതമാണ്, വ്യത്യസ്ത സംസ്കാരങ്ങളിലേക്കും വീക്ഷണങ്ങളിലേക്കും ആഗോള പ്രശ്നങ്ങളിലേക്കും വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്ന ഒരു അധ്യാപകൻ അവരെ ഉത്തരവാദിത്തമുള്ള ആഗോള പൗരന്മാരായി സജ്ജമാക്കുന്നു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഒരു അധ്യാപകൻ എന്ന സങ്കൽപ്പം പരമ്പരാഗത അതിരുകൾ മറികടന്നു. ഒരു സർഗ്ഗാത്മക അധ്യാപകൻ വഴക്കമുള്ളവനാണ്, വിമർശനാത്മക ചിന്തയെ പ്രോത്സാഹിപ്പിക്കുന്നു, സാങ്കേതികവിദ്യയെ സ്വീകരിക്കുന്നു, സർഗ്ഗാത്മകത വളർത്തുന്നു, വിദ്യാർത്ഥികളെ ഉപദേശിക്കുന്നു, ആഗോള അവബോധം പ്രോത്സാഹിപ്പിക്കുന്നു. ലോകം മാറിക്കൊണ്ടിരിക്കുമ്പോൾ, നാളത്തെ നേതാക്കളെയും ചിന്തകരെയും പുതുമയുള്ളവരെയും രൂപപ്പെടുത്തുന്നതിൽ സർഗ്ഗാത്മകവും പൊരുത്തപ്പെടാൻ കഴിയുന്നതുമായ ഒരു ഗൈഡ് എന്ന നിലയിൽ അധ്യാപകന്റെ പങ്ക് നിർണായകമാണ്.

~ ആൻ ജേക്കബ്

# മഴചിന്തകൾ


മേഘങ്ങൾക്കിടയിൽ വിങ്ങുകയായിരുന്ന മഴ പൊടുന്നനെ ഊർന്നിറങ്ങി. നേർത്ത് നൂലുകളായി പിന്നെ ഇഴ പിരിയാത്ത ചരടായി മണ്ണിന്റെ ദാഹം തീർന്നിട്ടും മരങ്ങളുടെ ഉള്ളു കുളിർന്നിട്ടും മഴ പെയ്തുകൊണ്ടേയിരുന്നു.

വേനൽ ചുട്ടെരിച്ച തലപ്പുകളിൽ പടർന്നുകയറുന്ന പച്ചപ്പ്. മണ്ണിനടിയിൽ നിന്ന് ഉറക്കം വിട്ടുണരുന്ന വിത്തുകൾ. കുളിര് ഉറവ നീരവകളുടെ ഘോഷയാത്ര. നീർച്ചാലുകൾ പരുപരുത്ത പാറകളിൽ തട്ടിച്ചിതറി ദൂരേയ്ക്ക്.


ചുവട് വെയ്ക്കുകയാണ് മഴ. അടർന്നു വീഴുന്ന ചുവരുകൾ, അകത്തളങ്ങൾ, ഗതയറ്റ ജീവിൽത്തുടിപ്പുകൾ.

പുഴയ്ക്ക് വേദനിച്ചു. പക്ഷേ, മഴയ്ക്ക് പെയ്യാതിരിക്കാനാവില്ലല്ലോ....!


**~ അഞ്ജന വേണു**



**തീർഥ എസ്**



തീർഥ എസ്



അമൃത കൃഷ്ണൻ

# നന്ദി